# ജോൺ ഓഫ് ഗോഡ് മെസഞ്ചർ

A NEWSLETTER OF ST. JOHN OF GOD SPECIAL SCHOOL, VELLOOR

Vol. 2 | Issue 1 | September 2011




# ഫീസ്റ്റ് ആശംസകൾ!



വി. അഗസ്റ്റിന്റെ നാമം സ്വീകരിച്ച് സമർപ്പിത
ജീവിതത്തിന്റെ ദൈവീകവഴിയിലൂടെ ചരിച്ച്
സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ
സ്കൂളിന്റെ അമരക്കാരനായ ഞങ്ങളുടെ
അഗസ്റ്റിനച്ചന് ഫീസ്റ്റ് ആശംസകൾ

**ബ്ര. അഗസ്റ്റിൻ പോളപ്രയിൽ**
ഡയറക്ടർ
സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂൾ
ഫീസ്റ്റ് : 28-08-2011



ഗ്രീസിൽ സ്പെഷ്യൽ ഒളിമ്പിക്സ്
വേൾഡ് സമ്മർ ഗെയിംസിൽ ഇന്ത്യൻ
ഫുട്ട്ബോൾ ടീം അംഗമായി വിജയംവരിച്ച
എബ്രഹാം കുര്യാക്കോസിന്
സെന്റ് ജോൺ ഓഫ് സ്പെഷ്യൽ
സ്കൂളിന്റെ ആശംസകൾ!

**John of God Messenger**
Newsletter

Vol. 2
Issue 1
September 2011

**St. John of God Special School**
Annadivayal, Velloor P.O.
Pampady, Kottayam - 686501

Tel. 0481 - 2373236, 2373222
e-mail: seldjohnofgodschool@yahoo.com
web: www.stjohnofgodcentre.org

**Chief Editor**
Mr. Dipu John

**Editorial Board Members**
Sr. Smitha SCJG
Sr. Lisby SCJG
Mr. Shaji A. S.
Mr. Libin K. M.

**Type Setting & Printing**
SR Graphics
Mass Tower, Viaskara,
Kottayam-686 039
Tel : 0481 - 2301142

Private Circulation Only



**എഡിറ്റോറിയൽ**

# ഈ ചിരി മായാതിരിക്കട്ടെ...

വൈകല്യമുള്ള ഒരു വ്യക്തിയുടെ സംരക്ഷണവും പരിചരണവും കുടുംബത്തിന്റെയോ, ഏതെങ്കിലും ഒരു സംഘടനയുടെയോ മാത്രം ഉത്തരവാദിത്വമല്ല. മറിച്ച് സമൂഹത്തിന്റെ മുഴുവൻ കൂട്ടായ പരിശ്രമം ഇതിനാവശ്യമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഗവൺമെന്റിന്റെ പങ്ക് അതിപ്രധാനമാണ്. സമഗ്രവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതും ഗവൺമെന്റും അനുബന്ധ ഏജൻസികളുമാണ്. ബുദ്ധിമാന്ദ്യമുള്ളവരുടെ പരിശീലന പുനരധിവാസത്തിനായി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് കഴിഞ്ഞ നാലു വർഷങ്ങളിലായി ഓരോ വർഷവും 10 കോടി രൂപാ വീതം ബജറ്റിൽ അനുവദിക്കുകയും വിവിധ ആവശ്യങ്ങൾക്കായി ഈ തുക വിതരണം ചെയ്തുവരുന്നു.

ഐക്യജനാധിപത്യ മുന്നണി അധികാരത്തിലെത്തിയശേഷം അവതരിപ്പിച്ച ഇടക്കാല ബജറ്റിൽ ഈ തുക നിലനിർത്തുന്നതിനുപകരം നീക്കം ചെയ്യുകയുണ്ടായി. നിരാലംബരും സമൂഹത്തിന്റെ സജീവശ്രദ്ധയും പരിഗണനയും മാത്രം ആശ്രമായിട്ടുള്ളവർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം നിർത്തലാക്കാൻ ധനമന്ത്രിക്ക് എന്തർഹതയാണുള്ളത്. സോഷ്യലിസ്റ്റ് ചിന്താഗതികൾ വച്ചു പുലർത്തിയ മുൻ സർക്കാർ കാണിച്ച പ്രതിബദ്ധതപോലും ഈ വിഷയത്തിൽ കടുത്ത ജനാധിപത്യവാദികൾ എന്നവകാശപ്പെടുന്ന ഈ ഗവൺമെന്റ് കാണിച്ചില്ല. ബുദ്ധിമാന്ദ്യമുള്ളവർ സമൂഹത്തിൽ ഉത്പാദനക്ഷമതയില്ലാത്തവരാണെന്നും അവർ സമൂഹത്തിന് ഒരു ബാധ്യതയാണ് എന്ന ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പാതയിലാണോ നമ്മുടെ ഭരണാധികാരികൾ ചരിക്കുന്നത്. അതോ പുത്തൻ സാമ്പത്തികസ്രോതസ്സുകളും, ഹൈടെക് വികസനവും വിഭാവനം ചെയ്ത് സമൂഹത്തിലെ മേലാളന്മാരുടെ സുഖവും ക്ഷേമവും മാത്രമാണോ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. പാർശ്വവത്കരിക്കപ്പെടുന്നവന്റെയും, സമൂഹത്തിന്റെ സജീവ പരിഗണന അർഹിക്കുന്നവരുടെയും ക്ഷേമവും ഉന്നമനവും ആവണം ഗവൺമെന്റുകളുടെ വികസനത്തിന്റെ അളവുകോൽ. അല്പമെങ്കിലും സമൂഹികപ്രതിബദ്ധതയും മാനുഷികതയും അവശേഷിക്കുന്നുവെങ്കിൽ സാമ്പത്തികസഹായം തുടർന്നുകൊണ്ടുപോകുന്നതിന് സർക്കാർ തയ്യാറാകണം. നാമമാത്രമായ ഇത്തരം സഹായങ്ങൾ ഇവർക്ക് കല്പിച്ചുനൽകുന്ന ഒരു ഔദാര്യമല്ല മറിച്ച് ഭരണഘടനയും, വിദ്യാഭ്യാസ അവകാശനിയമവുമൊക്കെ ഇവർക്ക് ഉറപ്പുനൽകുന്ന അവകാശമാണ്.



**ദിപു ജോൺ**
എഡിറ്റർ



**ബ്ര. വിൻസന്റ് കോച്ചാംകുന്നേൽ**
ജനറൽ കൗൺസിലർ
ഹോസ്പിറ്റൽ ഓർഡർ ഓഫ്
സെന്റ് ജോൺ ഓഫ് ഗോഡ്

# ഓണാശംസകൾ...

വെള്ളൂർ സെന്റ് ജോൺ ഓഫ് ഗോഡ് സെന്ററിൽ ഓണാഘോഷങ്ങൾക്ക് ഒരുങ്ങുന്ന ഈ അവസരത്തിൽ സെന്ററിലെ കുട്ടികൾക്കും ഡയറക്ടർ ബ്ര. അഗസ്റ്റിൻ പോളപ്രയിൽ, സുപ്പീരിയർ ബ്ര. ബെനഡിക്ട് നടയിൽ, പ്രിൻസിപ്പാൾ ദിപു ജോണിനും എല്ലാ ബ്രദേഴ്സിനും, സിസ്റ്റേഴ്സിനും അദ്ധ്യാപക അനദ്ധ്യാപകർക്കും മറ്റെല്ലാവർക്കും ഒത്തിരിസ്നേഹത്തോടെ, സന്തോഷത്തോടെ, നന്ദിയോടെ തിരുവോണാശംസകൾ നേരുന്നു.

“മാവേലി നാടു വാണീടും കാലം മാനുഷ്യരെല്ലാവരും ഒന്നു പോലെ” എന്ന ഈരടികളാണ് തിരുവോണം ആഘോഷിക്കുന്ന ഈ അവസരത്തിൽ നമ്മിലുണരുന്നത്. സാഹോദര്യവും സമത്വവും സമഭാവനയും നിറഞ്ഞ ഒരു ജീവിതമാണ് നമ്മൾ ലക്ഷ്യം വക്കേണ്ടത് എന്ന് ഒരിക്കൽകൂടി തിരുവോണനാളുകളിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. ജാതിയുടെയോ, മതത്തിന്റെയോ വേർതിരിവുകളില്ലാതെ, പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ, ബുദ്ധി കൂടിയവനെന്നോ കുറഞ്ഞവനെന്നോ വകഭേദമില്ലാതെ മനുഷ്യരെല്ലാവരും ഒന്നുപോലെ കഴിഞ്ഞിരുന്ന ഒരു കാലത്തിന്റെ ഓർമ്മകളാണ് ഓണം നമുക്കു നൽകുന്നത്. എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളാണെന്നും എല്ലാ മനുഷ്യർക്കും ജീവിക്കാനുള്ള അവകാശം ഒരുപോലെയുണ്ടെന്നുമുള്ള ചിന്തകളോടെ സഹോദരസ്നേഹവും സമത്വവും ലക്ഷ്യം വച്ചുകൊണ്ട് എല്ലാവരെയും ഒരുപോലെ സ്വീകരിക്കുവാനും ഉൾക്കൊള്ളുവാനും നമ്മൾ തയ്യാറാകണം.

സ്വാർത്ഥതയില്ലാതെ, നമുക്കുള്ളത് മറ്റുള്ളവർക്കുമായി പങ്കുവയ്ക്കുമ്പോഴാണ് യഥാർത്ഥത്തിൽ നമ്മൾ സന്തോഷവും സമാധാനവും അനുഭവിക്കുന്നത്. പങ്കുവയ്ക്കാനും ഈ തിരുവോണനാളുകൾ സാഹോദര്യത്തിന്റേയും ഐശ്വര്യത്തിന്റേയും നല്ല ദിനങ്ങളായിത്തീരട്ടെ എന്നും ആംശസിക്കുന്നു. അങ്ങനെ തിരുവോണം നമുക്ക് അർത്ഥപൂർണ്ണമാക്കാം. സ്നേഹനിധിയായ ദൈവം നമ്മെയെല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ.

# സ്പെഷ്യൽ ഒളിമ്പിക്സ് വേൾഡ് ഗെയിംസ്



സി. റാണി

കാലാധിഷ്ടിത മാറ്റങ്ങൾക്ക് വിധേയമായി സമൂഹത്തോടൊത്ത് ജീവിക്കുവാൻ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പ്രാപ്തരാക്കുന്നതിൽ കായികവിദ്യാഭ്യാസം അഭിവാജ്യഘടകമാണ്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസ സംവിധാനത്തിൽ കായിക പ്രവർത്തനങ്ങളുടെയും മത്സരങ്ങളുടെയും കടന്നുവരവോടുകൂടി ഇവരിൽ അന്തർലീനമായിരിക്കുന്ന കഴിവുകളുടെ വളർച്ച വേഗത്തിലായി.

Special Olympics

ΠΑΓΚΟΣΜΙΟΙ ΑΓΩΝΕΣ

ΑΘΗΝΑ 2011

## സ്പെഷ്യൽ ഒളിമ്പിക്സ്

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെയും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്കൂളുകളെയും ഉൾപ്പെടുത്തിക്കൊണ്ട് കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും, മത്സരങ്ങളും നടത്തുന്നത് സ്പെഷ്യൽ ഒളിമ്പിക്സ് അസ്സോസിയേഷനാണ്. എല്ലാ വർഷവും കുട്ടികൾക്കായി സ്റ്റേറ്റ്, നാഷണൽ ലവൽ മത്സരങ്ങൾ സ്പോർട്സിലും, ഗെയിംസിലും നടത്തിവരുന്നു. ദേശീയ തലത്തിൽ മികവു പുലർത്തുന്ന കുട്ടികളെ അന്തർദേശീയ മത്സരത്തിലും പങ്കെടുപ്പിക്കുന്നു.

1967-ൽ അമേരിക്കയിൽ, അന്നത്തെ അമേരിക്കൻ പ്രസിഡന്റായിരുന്ന കെന്നഡിയുടെ സഹോദരി യൂനസ് കെന്നഡി ഷിവർ എന്ന മഹത് വ്യക്തിയാണ് ഈ സംരഭത്തിന് തുടക്കം കുറിച്ചത്. ഇന്ന് ഏകദേശം മുന്നൂറ്റി അൻപതോളം രാജ്യങ്ങൾ സ്പെഷ്യൽ ഒളിമ്പിക്സിൽ രജിസ്റ്റർ ചെയ്ത് ബുദ്ധിമാന്ദ്യം സംഭവിച്ച 8 വയസ്സു മുതൽ പ്രായമായവരുടെ കായികക്ഷമത വളർത്തുവാനായി പ്രവർത്തിച്ചുവരുന്നു.

1967-ലാണ് ആദ്യമായി സ്പെഷ്യൽ ഒളിമ്പിക്സ് നടന്നത്. അന്നു മുതൽ 4 വർഷത്തിൽ ഒരിക്കൽ അന്തർദേശീയ തലത്തിൽ കായികമത്സരങ്ങൾ നടത്തിവരുന്നു. 1983-ൽ ഇന്ത്യയിൽ നിന്നും ഒരു സംഘം ആദ്യമായി സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്തു. അതിനു ശേഷം രണ്ട് വർഷത്തിലൊരിക്കൽ ഇതിനു മുന്നോടിയായി കേരളത്തിലും സ്പെഷ്യൽ ഒളിമ്പിക്സ് കായികമേളകൾ നടത്തിവരുന്നു.

**സ്പെഷ്യൽ ഒളിമ്പിക്സ് പ്രതിജ്ഞ**

"Let me win but if I cannot win

Let me be brave in the attempt"

1990-ൽ കേരളാടിസ്ഥാനത്തിൽ ശ്രീ. ജെ. ഉമ്മൻ ചെയർമാനായി ഒരു കമ്മറ്റി നിലവിൽ വരുകയും കേരളത്തിലെ എല്ലാ സ്പെഷ്യൽ സ്കൂളുകളെയും ഒരു കൊടിക്കീഴിൽ കൊണ്ടുവരികയും ചെയ്തു. ഇന്ന് സ്പെഷ്യൽ



സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത കുട്ടികൾ രാഷ്ട്രപതി പ്രതിഭാപാട്ടീലിന്റെയും കേരളാ മന്ത്രിമായുടെയും ഒപ്പം

ഒളിമ്പിക്സിന്റെ എല്ലാ പ്രവർത്തനങ്ങളും ഭംഗിയായി നടന്നുവരുന്നു.

## സ്പെഷ്യൽ ഒളിമ്പിക്സ്– പ്രത്യേകതകൾ

8 വയസ്സിനുമേൽ പ്രായമുള്ള ബുദ്ധി വൈകല്യം സംഭവിച്ച ജാതിമത വർഗ്ഗവർണ്ണലിംഗ വ്യത്യാസമില്ലാതെ എല്ലാവർക്കും പങ്കെടുക്കാവുന്ന ഒരു കായികമേളയാണ് സ്പെഷ്യൽ ഒളിമ്പിക്സ്. പങ്കെടുക്കുന്ന എല്ലാവർക്കും സമ്മാനം ലഭിക്കും എന്നതാണ് ഏറ്റവും വലിയ സ്പെഷ്യൽ ഒളിമ്പിക്സിന്റെ പ്രത്യേകത. സ്പെഷ്യൽ ഒളിമ്പിക്സിൽ ഗ്രൂപ്പിനങ്ങളും വ്യക്തിഗത ഇനങ്ങൾ എന്നിങ്ങനെ 22 തരത്തിലുള്ള കളികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## Special Olympics at Athense

2011 ജൂൺ 25 മുതൽ ജൂലൈ 5 വരെ ഗ്രീസിലെ ഏഥൻസിൽവച്ച് സ്പെഷ്യൽ ഒളിമ്പിക്സ് വേൾഡ് സമ്മർ ഗെയിംസ് നടന്നത്. അന്ന് കേരളത്തിൽ നിന്നും 10 കുട്ടികൾ പങ്കെടുത്തു. കേരളത്തിൽ പങ്കെടുത്ത കുട്ടികൾ താഴെ പറയുന്നവർ ആണ്.

Sl. No., Name, School, Event, Prize

1. **Michle Rockey**
   St. MH Trivandrum
   400m
   Bronze

2. **Dharshana**
   Mariam Play Home
   Handball
   Bronze

3. **Bindu Peter**
   Holy Cross Special School
   Volleyball
   Bronze

4. **Sreeja Balakrishnan**
   St.John of God
   400 m
   1 Gold

   200 Relay
   1 Bronze

5. **Bibin Johnson**
   Holy Cross Special School
   Volleyball
   Bronze

6. **Sincy Mol**
   Edoor
   2x400 m
   Gold

7. **Dhanya Mol**
   Pratheeksha Bhavan Thodupuzha
   Single
   Silver

   Bad Minton
   Gold

   Mixed double
   Gold

   Double
   Gold

### Special Olympics MISSION

To provide year-round sports training and athletic competition in a variety of olympic- type sports for children and adults with intellectual disability. Giving them containing opportunities

### Special Olympics BHARATH

Special olympics Bharath is the national accredited programme of Special Olympics. Meeting its high accreditation standards.

8. **Binton Benny**
   Nirmala Sadan Muvattupuzha
   Bascket ball
   Gold

9. **Anish Peter**
   Nirmala Sadan Muvattupuzha
   Hand ball
   Silver

10. **Abraham Kuriakose**
   St. John of God
   Football
   5th Position

ഇന്ത്യയിൽ നിന്നും 154 കുട്ടികൾ 12 ഇനങ്ങളിൽ പങ്കെടുത്ത് 51 സ്വർണ്ണവും 35 വെള്ളിയും 17 വെങ്കലവും നേടുകയുണ്ടായി. 31 സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇന്ത്യൻ ടീമിലുണ്ടായിരുന്നത്. 314 രാജ്യങ്ങളിൽ നിന്നായി 6500-റോളം കുട്ടികൾ പങ്കെടുത്ത ഒരു വലിയ കായിക മാമാങ്കമാണ് ഏതൻസിൽ അരങ്ങേറിയത്. ജാതിയുടെയും ഭാഷയുടെയും അതിർവരമ്പുകളില്ലാതെ കുട്ടികൾ തമ്മിൽ പരസ്പരം സഹിഷ്ണുതയോടും സഹകരണത്തോടും കൂടി പ്രവർത്തക്കുന്നത് കാണുമ്പോൾ വളരെയേറെ അത്ഭുതം തോന്നി. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾ ഒരേ ഇന്ത്യ ഒരൊറ്റ ഇന്ത്യ എന്ന മനസ്സോടു കൂടി ഇന്ത്യയ്ക്കു വേണ്ടി വളരെയേറെ വാശിയോടെ മറ്റു രാജ്യങ്ങളുമായി മത്സരിക്കുന്നത് കണ്ടപ്പോൾ, ഒരിന്ത്യക്കാരി എന്ന നിലയിൽ വളരെയേറെ അഭിമാനം തോന്നി. ഈ സ്പെഷ്യൽ ഒളിമ്പിക്സിനുള്ള തയ്യാറെടുപ്പ് 4 വർഷം മുൻപ്തന്നെ തുടങ്ങിയിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ പലസമയത്തായി നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ നിന്നാണ് ഇന്ത്യൻ ടീമിലേക്കുള്ള കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടത്. നാല് പ്രിപ്രേറ്ററി ക്യാമ്പുകളാണ് സ്പെഷ്യൽ ഒളിമ്പിക്സിന്റെ ഭാഗമായി നടത്തപ്പെട്ടത്. വിവിധ ടെസ്റ്റുകളിലൂടെ കടന്ന് വളരെയേറെ കഠിനമായ പ്രയത്നത്തിലൂടെയാണ് നമ്മളുടെ കുട്ടികൾക്ക് ഈ നേട്ടം കൈവരിക്കാനായത്.

2010 ജൂൺ 7-ാം തീയതി 10 കുട്ടികളും 2 പരിശീലകരും സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുക്കുന്നതിനായി കേരളത്തിൽ നിന്നും പുറപ്പെട്ടു. 9-ാം തീയതി മുതൽ 18-ാം തീയതി വരെ ഡൽഹിയിൽ വച്ച് കുട്ടികൾക്ക് കോച്ചിംഗ് ക്യാമ്പ് ഉണ്ടായിരുന്നു. ജൂൺ 19-ാം തീയതി 6 ഗ്രൂപ്പായി ഇന്ത്യൻ ടീം ഡൽഹിയിൽ നിന്നും ഏതൻസിനു പുറപ്പെട്ടു. കുട്ടികൾ എല്ലാവരും ആകാംക്ഷപൂർവ്വം കാത്തിരുന്ന വിമാനയാത്ര വളരെയേറെ സന്തോഷപ്രദമായിരുന്നു. വിമാനയാത്ര അവർക്ക് നൽകിയ സന്തോഷം പറഞ്ഞറിയിക്കുവാൻ വയ്യ. 20-ാം തീയതി എല്ലാവരും ഏതൻസിൽ എത്തിച്ചേർന്നു. സ്പെഷ്യൽ ഒളിമ്പിക്സിൽ നിന്നും വളരെ സ്നേഹോഷ്മളമായ സ്വീകരണമാണ് എല്ലാ ടീമുകൾക്കും ലഭിച്ചത്. എയർപോർട്ടിൽ നിന്ന് എല്ലാവർക്കും താമസം തയ്യാറാക്കിയിരുന്നത് നെഗ്രപോണ്ടേ ഇന്റർനാഷണൽ ഹോട്ടലിൽ ആയിരുന്നു. മൂന്ന് ദിവസം അവിടെ ഞങ്ങൾ താമസിച്ചു. ഈ ദിവസങ്ങളിൽ എല്ലാം തന്നെ പല സ്ഥലങ്ങളും സന്ദർശിക്കുവാൻ ഞങ്ങൾക്ക് അവസരം കിട്ടി. വോളിയേഴ്സ് എല്ലായ്പ്പോഴും ഞങ്ങളുടെ കൂടെ ഉണ്ടായതിനാൽ ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. 25-ാം തീയതി ഇന്ത്യൻ ടീം പല ഗ്രൂപ്പുകളായി തിരിഞ്ഞ് മൽസരവേദിയിലേക്ക് പോയി. 26-ാം തീയതി മുതൽ ജൂലൈ 5 വരെ ആണ് മൽസരങ്ങൾ നടന്നത്. 6-ാം തീയതി വീണ്ടും ഇന്ത്യൻ ടീം അംഗങ്ങൾ എല്ലാവരുംകൂടി ഏതൻസിലെ എയർപോർട്ടിൽ എത്തിച്ചേർന്നു. എന്നാൽ അവിടെ നിന്നും ടീം ആയാണ് ഞങ്ങൾ തിരികെ പോന്നത്. കേരളത്തിൽനിന്നും പോയ 10 കുട്ടികളും 2 പരിശീലകർ, അതിൽ എട്ട് പേർ ആദ്യത്തെ ടീമിലും ബാക്കി 4 പേർ മറ്റു ടീമുകളിലുമായിട്ടാണ് എത്തിച്ചേർന്നത്. ആദ്യത്തെ 8 പേർ ദുബായിൽ നിന്നും നേരെ നെടുമ്പാശ്ശേരിയിൽ 7-ാം തീയതി രാവിലെ എത്തിച്ചേർന്നു. മറ്റ് 4 പേർ ഡൽഹിയിൽ വന്നതിനുശേഷം അവിടെ നിന്നും അന്ന് വൈകുന്നേരമാണ് നെടുമ്പാശ്ശേരിയിൽ എത്തിച്ചേർന്നത്. ഞങ്ങൾക്ക് എല്ലാവർക്കും ഒന്നിച്ച് വരുവാൻ വളരെയധികം ആഗ്രഹം ഉണ്ടായിരുന്നെങ്കിലും അത് സാധിച്ചില്ല. 8-ാം തീയതി ഓൾ കേരള സ്പെഷ്യൽ സ്കൂൾ അസോസിയേഷൻ ചെയർമാൻ മിസ്റ്റർ ജെ. ഉമ്മൻ കേരളാ ടീം അംഗങ്ങൾക്ക് വൈ. എം. സി. എ എറണാകുളത്ത് സ്വീകരണം നൽകി. അവിടെ നിന്നും കുട്ടികളെ കൂട്ടികൊണ്ടുപോകാൻ അതാത് സ്കൂളിൽ നിന്നും അദ്ധ്യാപകരും, മാതാപിതാക്കളും എത്തിയിരുന്നു.

സാധാരണ കുട്ടികൾക്കെന്നപോലെ തന്നെ ബുദ്ധിവികാസം പ്രാപിക്കാത്ത കുട്ടികൾക്കും വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലബ്ദിക്ക് സ്പോർട്സ് പ്രധാന പങ്കുവഹിക്കുന്നു. കൂടാതെ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും അതിലൂടെ സമ്മാനങ്ങൾ നേടുമ്പോൾ ഉണ്ടാകുന്ന സന്തോഷവും, ചാരിതാർത്ഥ്യവും ഇവരുടെ മാനസികവും സാമൂഹികവുമായ വളർച്ചയ്ക്ക് വളരെയേറെ സഹായകമാകുന്നു. ഇതുവഴി സമൂഹത്തെ ബോധവൽക്കരിക്കാനും സ്പെഷ്യൽ ഒളിമ്പിക്സ് വളരെയേറെ സഹായകമാകുന്നുണ്ട്. സ്പെഷ്യൽ സ്കൂൾ അസോസിയേഷൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷപ്രകാരം കേരള സർക്കാർ സ്വർണ്ണം നേടിയ കുട്ടികൾക്ക് 3 ലക്ഷവും, വെള്ളിനേടിയ കുട്ടികൾക്ക് 2 ലക്ഷവും, വെങ്കലം നേടിയവർക്ക് 1 ലക്ഷവും പാരിതോഷികം പ്രഖ്യാപിക്കുകയുണ്ടായി. കൂടാതെ പങ്കെടുപ്പിച്ച എല്ലാ സ്കൂളുകൾക്കും 50,000 രൂപയും, ഇവരുടെ

കൂടെ സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത പരിശീലകർക്ക് 25,000 രൂപയും സർക്കാർ പ്രഖ്യാപിച്ചു. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഒളിമ്പിക്സ് ജേതാക്കൾക്കും, പരിശീലകർക്കും സ്വീകരണം ലഭിക്കുകയുണ്ടായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച സ്പെഷ്യൽ സ്കൂൾ അസോസിയേഷൻ ചെയർമാൻ ജെ. ഉമ്മൻ സാറിനും, മന്ത്രിമാർക്കും, എം. എൽ. എ. മാർക്കും എന്റെ നന്ദി അറിയിക്കുന്നു. ഈ കുട്ടികളുടെ ഉജ്ജ്വല വിജയത്തിന് പിന്നിൽപ്രവർത്തിച്ച പരിശീലകരും, അദ്ധ്യാപകരും ഉണ്ട് എന്ന് നാം ഇവിടെ വിസ്മരിച്ചു കൂടാ. ഇവരെ ഈ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ കഠിനപ്രയത്നം ചെയ്ത എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പരിശീലനത്തിനായി പ്രവർത്തിക്കുന്നതിന്റെ പ്രധാന ലക്ഷ്യം തന്നെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണല്ലോ. സ്പെഷ്യൽ ഒളിമ്പിക്സ് വഴി ഈ ലക്ഷ്യം ഒരു പരിധിവരെ നേടിയെടുക്കുവാൻ നമുക്ക് സാധിക്കുന്നുണ്ട്. നിരന്തരമായ പരിശീലനവും, പ്രോത്സാഹനങ്ങളും, അവസരങ്ങളും ലഭിച്ചാൽ ഒരു പരിധിവരെ കുടുംബത്തിനും, സമൂഹത്തിനും ഉതകുംവിധം ഇവർക്ക് ജീവിക്കുവാൻ കഴിയും എന്ന് ഈ കുഞ്ഞുങ്ങൾ തെളിയിക്കുന്നു.

## IMPORTENT PHONE NUMBERS

| | | |
|---|---|---|
| School | : | 04812373236 |
| Reception | : | 04812373222 |
| | : | 04812371006 |
| Director | : | 9544750216 |
| | : | 9447071006 |
| Principal | : | 8547373236 |
| | : | 9947641817 |
| Superior | : | 9656065840 |
| Social Worker | : | 8547558902 |
| Driver | : | 9895725274 |
| Brothers Home | : | 04812373006 |
| Sisters Home | : | 04812373234 |
| Angel Home | : | 9747792205 |
| Donatus Home | : | 9747792210 |
| Deepthi Home | : | 9747792208 |
| Maria Home | : | 9747792201 |
| Menni Home | : | 9526456403 |
| Richard Home | : | 9747792204 |

## പി.ടി.എ. മീറ്റിംഗ്

സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിന്റെ അദ്ധ്യയനവർഷത്തെ പ്രഥമ പി.ടി.എ. മീറ്റിംഗ് ജൂലൈ 11-ാം തീയതി നടത്തപ്പെട്ടു. സെന്റർ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ ബുദ്ധിമാന്ദ്യം ഉള്ളവരുടെ രക്ഷകർതൃത്വം എന്ന വിഷയത്തിലുള്ള ക്ലാസ്സ് പ്രമുഖ സാമൂഹിക പ്രവർത്തക മേരിക്കുട്ടി ജോസഫ് നയിച്ചു. തുടർന്ന് ഈ വർഷത്തെ പി.ടി.എ. ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തപ്പെട്ടു.


### ST. JOHN OF GOD SPECIAL SCHOOL PTA EXECUTIVE 2011-2012

| | | |
|---|---|---|
| President | : | Shaji A.S. |
| Vise President | : | Gopinathan Nair |
| Secretary | : | Sithu Philip |
| Joint Secretary | : | Tintu Thomas |
| Tresurer | : | Sr. Stella Maria |

EXECUTIVE

Iype Abraham, Susan Baby, C.V. Itty, Subramanyan P., Aswathy Rajan, Sushamma S., Rosamma Chacko, Jose Antony, James Kuttamparoor, M.V. Antony

# വിശുദ്ധ ബെനഡിക്ട് മെന്നി



സി. ലിഷി തെരേസ SCJG



മിശിഹായുടെ രക്ഷാകര ദൗത്യം ജീവിതസാക്ഷ്യം വഴി ലോകത്തിന് വീരോചിതമായി പ്രദാനം ചെയ്തവരാണ് വിശുദ്ധാത്മാക്കൾ. സകലർക്കും നന്മ ചെയ്ത് അവരുടെ ജീവിതത്തിൽ പങ്കുചേർന്ന് ദൈവത്തിനായി നേടുവാൻ വിശുദ്ധാത്മാക്കൾ അതീവശുഷ്ക്കാന്തി പുലർത്തിയിരുന്നു. സുവിശേഷം പ്രഘോഷിച്ചും രോഗികളെ സുഖപ്പെടുത്തിയും സകലർക്കും നന്മ ചെയ്തും കടന്നുപോയ ഈശോയെ അനുഗമിച്ചുകൊണ്ട്, അയൽക്കാരന്റെ സഹനത്തിലും, ഇല്ലായ്മയിലും, വല്ലായ്മയിലും ഹൃദയം വേദനിക്കുകയും, ജാതിമത വർണ്ണവർഗ്ഗഭേദമെന്യേ എല്ലാ ആത്മാക്കളുടെയും നിത്യരക്ഷയിൽ ആതീവശുഷ്കാന്തി പുലർത്തുകയും ചെയ്ത നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥനാണ് സെന്റ് ജോൺ ഓഫ് ഗോഡ്. ജോൺ ഓഫ് ഗോഡിന്റെ പ്രവൃത്തികളിൽ ആകൃഷ്ടരായി അദ്ദേഹത്തെ അനുഗമിക്കുകയും ആദരാത്മകശുശ്രൂഷയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തി വിശുദ്ധപദം അലങ്കരിക്കുകയും ചെയ്ത വിശുദ്ധനാണ് വി. ബെനഡിക്ട് മെന്നി

വേദനയിലേ വിജയം വിരിയൂ എന്നുറച്ചു വിശ്വസിച്ച് അനവധി അഗ്നിപരീക്ഷകളെ അതിജീവിച്ച സാഹസികനായ സമരിയാക്കാരനാണ് ബെനഡിക്ട് മെന്നി. വി. ജോൺ ഓഫ് ഗോഡിന്റെ ചൈതന്യം നിറഞ്ഞു തുളുമ്പിയ വിശുദ്ധനായ വൈദികനും ഈശോനാഥനോട് അനുരൂപപ്പെട്ടു കൊണ്ടുള്ള രോഗീ ശുശ്രൂഷയ്ക്ക് തിളങ്ങുന്ന മാതൃകയും, ഹോസ്പിറ്റലർ സമൂഹത്തിന്റെ മഹത്വവുമാണ് ഇദ്ദേഹം.

വടക്കേ ഇറ്റലിയിലെ മിലാനിൽ 1841 മാർച്ച് 11-ാം തീയതി ബെനഡിക്ട് മെന്നി ജനിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ ലൂയിസും, ലൂയിയായുമായിരുന്നു. ആൻജെലോ എന്നായിരുന്നു കുഞ്ഞിന്റെ ജ്ഞാനസ്നാനപ്പേര്. സത്യസന്ധനായ പിതാവും, വിശുദ്ധയായ മാതാവും തങ്ങളുടെ ഓമനപുത്രനെ ബാല്യം മുതൽത്തന്നെ ആദ്ധ്യാത്മിക അടിത്തറ പാകി വളർത്തി. ആൻജെലോ യൗവനാരംഭം മുതൽ അനുദിനം ദിവ്യബലിയിൽ സംബന്ധിച്ചിരുന്നു. പതിനാറാമത്തെ വയസ്സിൽ പഠനം പൂർത്തിയാക്കി

ബാങ്കിൽ ജോലി ചെയ്യാൻ തുടങ്ങി. സത്യസന്ധിതയോടെ തന്റെ ജോലി ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ ഒരിക്കൽ മാനേജർ തെറ്റായ പണമിടപാടിനു കൂട്ടുനിൽക്കാൻ ആൻജെലോയെ പ്രേരിപ്പിച്ചു. അനീതി ചെയ്യാൻ എനിക്കു സാദ്ധ്യമല്ല എന്ന് അദ്ദേഹം തുറന്നുപറഞ്ഞു. എങ്കിലും മാനേജർ വീണ്ടും പ്രേരിപ്പിച്ചു. നീതിയും, സത്യവും പാലിച്ചിരുന്ന ആൻജെലോ അങ്ങനെ അവിടുത്തെ ജോലി അവസാനിപ്പിച്ച് മിലാനിലെ ഒരു കോളേജിൽ പഠനം ആരംഭിച്ചു. പുത്രനിൽ ഒട്ടേറെ പ്രതീക്ഷ അർപ്പിച്ച പിതാവിന്റെ പ്രോത്സാഹനം ആൻജെലോയെ മുന്നോട്ട് നയിച്ചു. നിറങ്ങളും, സ്വപ്നങ്ങളും, പൊട്ടിച്ചിരികളും നിറഞ്ഞ കോളേജ് ജീവിതം പെട്ടെന്ന് അവസാനിച്ചു. അക്കാലത്ത് ഓസ്ട്രിയായും ഫ്രാൻസും തമ്മിൽ യുദ്ധം ആരംഭിച്ചു. മിലാന്റെ സമീപം വരെ സൈന്യങ്ങൾ എത്തിക്കഴിഞ്ഞു. ഉഗ്രമായ പോരാട്ടത്തിൽ ആയിരങ്ങൾ മരിച്ചു. മുറിവേറ്റവരുടെ ദീനാരോദനം എങ്ങും മാറ്റൊലി കൊണ്ടു. കരളലിയിക്കുന്ന ആ രംഗം കണ്ട് മുറിവേറ്റവരെ ആശുപത്രിയിലെത്തിക്കുവാൻ നല്ലവരായ യുവാക്കൾ കടന്നുവന്നു. അവരോടൊപ്പം ആൻജെലോയുമുണ്ടായിരുന്നു. രോഗികളെയും, മുറിവേറ്റവരെയും വിവിധ ആശുപത്രികളിൽ എത്തിക്കുന്നതിനിടയിൽ ഹോസ്പിറ്റലർ ബ്രദേഴ്സിന്റെ ഒരാശുപത്രി ആൻജെലോയുടെ പ്രത്യേക ശ്രദ്ധയിൽപെട്ടു. രോഗികളോടുള്ള അവിടുത്തെ ബ്രദേഴ്സിന്റെ സ്നേഹപൂർവ്വകമായ പെരുമാറ്റം അവന്റെ ഉള്ളിൽത്തട്ടി. അവരെപ്പറ്റി കൂടുതൽ അറിയുവാനുള്ള അദമ്യമായ ആഗ്രഹം വർദ്ധിച്ചുകൊണ്ടിരുന്നു.

ബ്രദേഴ്സിന്റെ പ്രൊവിൻഷ്യലിനെത്തന്നെ പോയിക്കണ്ട് അവരെക്കുറിച്ച് കൂടുതൽ അറിവുകൾ നേടി. ആൻജെലോയുടെ തേജസുറ്റ നീലനയനങ്ങൾ തിളങ്ങി. ദീർഘകാലമായി തേടിക്കൊണ്ടിരുന്ന വിലയേറിയ എന്തോ ഒന്ന് കണ്ടെത്തിയതുപോലെ മുഖത്ത് സംതൃപ്തി കളിയാടി. ഇതാണ് എന്റെ ദൈവവിളിയെന്ന് മനസ്സു മന്ത്രിച്ചു. തന്റെ ഉള്ളിലുദിച്ചുയർന്ന ആഗ്രഹം മാതാപിതാക്കന്മാരെ അറിയിച്ചു. ബുദ്ധിമാനും, സമർത്ഥനും, സൽസ്വഭാവിയുമായ പുത്രനെപ്പറ്റിയുള്ള തങ്ങളുടെ സ്വപ്നങ്ങൾ തകരുകയാണ് എന്നവർ ചിന്തിച്ചു. എന്നാൽ വിശുദ്ധരായ മാതാപിതാക്കന്മാർ വിശ്വാസത്തിന്റെ കണ്ണാടിയിലൂടെ നോക്കിയപ്പോൾ അവനെപ്പറ്റിയുള്ള ദൈവഹിതമായി അതിനെ അവർ കണ്ടു. ജീവിതത്തിലെ വളരെ സന്തോഷം നൽകുന്നതും, സുപ്രധാനവുമായ ഒരു വഴിത്തിരിവായിരുന്നു അത്. 1860-മെയ് 1-ാം തീയതി, അദ്ദേഹം ഹോസ്പിറ്റലർ സമൂഹത്തിൽ അംഗമായി സന്യാസ പരിശീലനം ആരംഭിച്ചു. ആൻജെലോ എന്ന പേരു മാറ്റി ബെനഡിക്ട് മെന്നി എന്ന പേരു സ്വീകരിച്ചു.

> "കർത്താവേ, എന്റെ അവസാനത്തെ ശ്വാസം നിലയ്ക്കുന്നതുവരെ എന്റെ സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.'

1861- മെയ് 15-ന് സന്യാസവ്രത വാഗ്ദാനം നടത്തിയ അവസരത്തിൽ അദ്ദേഹം പ്രതിജ്ഞ ഏറ്റെടുത്തു. "കർത്താവേ, എന്റെ അവസാനത്തെ ശ്വാസം നിലയ്ക്കുന്നതുവരെ എന്റെ സഭയ്ക്കുവേണ്ടി അദ്ധ്വാനിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."


'ആതുരസേവനം' ഹോസ്പിറ്റലർ സമൂഹത്തിന്റെ ഉൾക്കരുത്താണ്. ഹോസ്പിറ്റലർ സമൂഹത്തിന്റെ ആദ്ധ്യാത്മിക ആവശ്യങ്ങൾക്കായി സഭാംഗങ്ങൾ തന്നെ വൈദികരായി അഭിഷേകം ചെയ്യപ്പെട്ടിരുന്നു. അതിനാൽ സല്ഗുണസമ്പന്നനായ ബെനഡിക്ട് മെന്നിയിൽ സഭാധികാരികൾ സുകൃതം നിറഞ്ഞ ഭാവിവൈദികനെ ദർശിച്ചു. മിലാനിൽത്തന്നെ സെമിനാരിയിൽ പഠനം ആരംഭിച്ചു. പഠനകാലത്ത് ആവുന്നത്ര സമയം രോഗികളോടൊത്ത് അദ്ദേഹം സമയം ചിലവഴിച്ചിരുന്നു. 1864 മെയ് 17-ാം തീയതി ബെനഡിക്ട് തന്നെത്തന്നെ മുഴുവനായി ദൈവത്തിനും ദൈവജനത്തിനും സമർപ്പിക്കുന്ന നിത്യവ്രത വാഗ്ദാനം നടത്തി. 1866 ഒക്ടോബർ 14-ാം തീയതി ദൈവത്തിന്റെ അനുഗ്രഹങ്ങൾ ധാരാളമായി വർഷിച്ച ദിവസം "പൗരോഹിത്യം" എന്ന കൂദാശ അദ്ദേഹം സ്വീകരിക്കുകയും ചെയ്തു.

ഫാ. മെന്നിയുടെ ജീവിതവിശുദ്ധിയും, ത്യാഗസന്നദ്ധതയും, സഭയോടുള്ള സ്നേഹവുമെല്ലാം അധികാരികളെ വളരെ ആകർഷിച്ചു. ഫ്രഞ്ചുവിപ്ലവത്തെത്തുടർന്നുണ്ടായ മതവിരോധം യൂറോപ്പിൽ മുഴുവൻ കോളിളക്കം സൃഷ്ടിച്ചു. സമർപ്പിതരെല്ലാം നാലുപാടും ചിതറിക്കപ്പെട്ടു. ആതുരസേവനത്തിന് അതുല്യമാതൃകയായി വർത്തിച്ചിരുന്ന ഹോസ്പിറ്റലർ സമൂഹത്തിനു പോലും പിടിച്ചുനിൽക്കാൻ സാധിച്ചില്ല. ഇങ്ങനെ നാമാവശേഷമായിരുന്ന ഹോസ്പിറ്റലർ സമൂഹത്തിന് പുനർജീവൻ ആയി കരുത്തനായ ഒരാളെ ജനറൽ കണ്ടെത്തി. നല്ല തീക്ഷ്ണതയും, ത്യാഗസന്നദ്ധതയും, ദൈവത്തിൽ അടിയുറച്ച വിശ്വാസവുമുള്ള ഒരാളിനേ ഇത് ഏറ്റെടുക്കാനാവൂ എന്ന് അറിയാമായിരുന്നതു കൊണ്ട് വളരെയധികം മതിപ്പോടും, വിശ്വാസത്തോടും കൂടി മെന്നിക്ക് ധൈര്യം പകർന്നുകൊണ്ടിരുന്നു. സസന്തോഷം

സമ്മതം മൂളി, പരിശുദ്ധപിതാവിന്റെ അനുഗ്രഹാശ്ശിസ്സുകൾ ഏറ്റുവാങ്ങാനായി 1867 ജനുവരി 14-ന് പുതുവത്സരപ്പുലരിയിൽ, പുത്തൻ പ്രതീക്ഷകളോടെ അദ്ദേഹം വത്തിക്കാനിലെത്തി. 9-ാം പിയൂസ് മാർപ്പാപ്പ ഏറെ വാത്സല്യത്തോടെ ഫാ. ബെനഡിക്ട് മെന്നിയോട് മധുരമായി പറഞ്ഞു. "മകനേ, സ്പെയിനിലേക്കു പോകൂ. നിങ്ങളുടെ സമൂഹം പിറന്ന രാജ്യത്ത് അതിനെ ഉദ്ധരിക്കുക. എല്ലായിടത്തും വളരെ ദരിദ്രരായ, ശുദ്ധമായ, അനുസരണയുള്ള സമൂഹജീവിതം ആരംഭിയ്ക്ക്."

ആയിരം ചിറകുള്ള ആശയോടെ അദ്ദേഹം സ്പെയിനിലേക്കു തിരിച്ചു. ജോൺ ഓഫ് ഗോഡിനെപ്പോലെ ഭിക്ഷാടനം നടത്തി, കടന്നുപോകുന്നവരുടെ കാരുണ്യത്തിനായി അദ്ദേഹം കൈക്കുമ്പിൾ നീട്ടി. ചിലർ ഊണുനൽകുകയും, തലചായ്ക്കാൻ ഇടം കൊടുക്കുകയും ചെയ്തു.

അപരിചിതരും, ആത്മീയകാര്യങ്ങളിൽ താല്പര്യം ഇല്ലാത്തതുമായ ആളുകളോട് എന്തു പറയും, എന്തു ചെയ്യും എന്നോർത്ത് അദ്ദേഹം അസ്വസ്ഥനായി എങ്കിലും തന്റെ സുപ്പീരിയറുടെ തീരുമാനവും, പ. പിതാവിന്റെ അനുഗ്രഹാശ്ശിസ്സുകറളും തനിക്കു കൈമുതലായി ഉണ്ടല്ലോ എന്നോർത്ത് അദ്ദേഹം ആശ്വസിച്ചു. അദ്ദേഹം ബിഷപ്പിനെ സമീപിച്ച് കുട്ടികൾക്കായി ചെറിയ ആതുരാലയം തുടങ്ങാൻ അനുവാദം ചോദിച്ചു. വിപ്ലവം കൊടുമ്പിരികൊണ്ടിരിക്കുന്നതിനാൽ അനുവാദം കിട്ടിയില്ല. എല്ലാ പ്രയാസങ്ങളും പരിശുദ്ധ അമ്മ വഴി സ്വർഗ്ഗസ്ഥനായ പിതാവിനു സമർപ്പിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥനയിൽ കഴിഞ്ഞുകൂടി. വളരെയധികം പ്രതീക്ഷയോടെ വീണ്ടും ബിഷപ്പിനെ സന്ദർശിച്ചു. ആതുരാലയം തുടങ്ങുവാനുള്ള അനുവാദവും, പണവും നൽകാമെന്നേറ്റു. 1867 ഡിസംബർ 14-ന് പുതിയ ഹൗസ് മൂന്ന് ബ്രദേഴ്സും, സഭാപ്രവേശനത്തിന് ആഗ്രഹിച്ച മൂന്നു യുവാക്കന്മാരും, രോഗികളായി ഏതാനും കുട്ടികളുമുണ്ടായിരുന്നു.



കഠിനാദ്ധ്വാനിയായ ഫാ. മെന്നിക്ക് ടൈഫോയ്ഡ് പിടിപെട്ടു. ബ്രദേഴ്സിന്റെ കരുണാർദ്രമായ പെരുമാറ്റവും ദൈവവിശ്വാസവും കണ്ട് ആളുകൾ പലരും കടന്നുവന്നു. കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ ദിവ്യപൂജാവസ്തുക്കളും, സന്യാസവസ്ത്രവുമെല്ലാം ഭദ്രമായി ഒളിപ്പിച്ചുവച്ചു. ഗ്രാമീണവേഷം ധരിച്ചു. ഈയവസരത്തിൽ ഫാ. മെന്നിയും, മറ്റൊരു ബ്രദറും പിടിക്കപ്പെട്ടു, ജയിലിലായി. കോടതി വെറുതേ വിട്ടു. യുദ്ധക്കളത്തിൽ നിന്ന് മുറിവേറ്റവരെ കൊണ്ടുവന്നു ശുശ്രൂഷിച്ചു. രോഗികളോടുള്ള അസാധാരണമായ സ്നേഹവും, സ്വയം മറന്നുള്ള കഠിനാദ്ധ്വാനവും സോൺ കാർലോയുടെ ശ്രദ്ധ പിടിച്ചു പറ്റി. നിന്ദിതരും, പീഡിതരുമായ മനുഷ്യ ജീവികളെക്കണ്ട് മെന്നിയുടെ കരളലിഞ്ഞു. സമൂഹത്തിന്റെ അവഗണനയും, അവഹേളനവും മാത്രം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട അവരെ വിമോചിപ്പിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. സിയെംപോസ് എല്ലോയിൽ ഒരു ഭവനം ആരംഭിച്ചു.

സ്ത്രീകളായ രോഗികളെ ശുശ്രൂഷിക്കുവാൻ ഒരു പുതിയ സമൂഹത്തിന് രൂപം കൊടുക്കുവാൻ അദ്ദേഹം ആലോചിച്ചു. 1882 ജൂണിൽ 'ഹോസ്പിറ്റലർ സിസ്റ്റേഴ്സ് ഓഫ് ദ സേക്രട്ട് ഹാർട്ട്' എന്ന സന്യാസിനി സമൂഹം ആരംഭിച്ചു. എന്തു ചെയ്താലും ഈശോയോടുള്ള സ്നേഹത്തെപ്രതി ചെയ്യാൻ അവരെ ഉപദേശിച്ചു. രോഗികളെ ആദരിക്കുവാൻ, അവരെ സ്നേഹിക്കുവാൻ, അവരിൽ ദൈവത്തെ ദർശിക്കുവാൻ സീമയറ്റ ഉപവി നിങ്ങൾക്കുണ്ടാകട്ടെ. 1905 -ൽ 63-ാം വയസ്സിൽ ഹോസ്പിറ്റലർ സമൂഹത്തിന്റെ മുഴുവൻ അപ്പസ്തോലിക് വിസിറ്റേറ്ററായി 10-ാം പിയൂസ് മാർപ്പാപ്പ അദ്ദേഹത്തെ നിയമിച്ചു. തളർവാതം പിടിപെട്ട് 1914 ഏപ്രിൽ 24-ാം തീയതി 9 മണിക്ക് ഫാ. ബെനഡിക്ട് മെന്നി ഈ ലോകത്തോട് വിടപറഞ്ഞു. 1985 ജൂൺ 25 -ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഫാ. ബെനഡിക്ട് മെന്നിയെ വാഴ്ത്തപ്പെട്ടവനായും, 1999 നവംബർ 21-ന് വിശുദ്ധനായും പ്രഖ്യാപിച്ചു.



സെന്റ് ജോൺസ് കോളേജ് ഓഫ് നേഴ്സിംഗ് മൂന്നാം വർഷ (2008 ബാച്ച്) വിദ്യാർത്ഥികൾ സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിൽ പഠനത്തിന്റെ ഭാഗമായുള്ള പരിശീലന പദ്ധതി പൂർത്തിയാക്കി. 48 പേരടങ്ങുന്ന ഇവർ 4 ഗ്രൂപ്പുകളായി ജൂൺ 10 മുതൽ ആഗസ്റ്റ് 29 വരെ സെന്ററിൽ സേവനം അനുഷ്ഠിച്ചു.

കവിത



# അറവുമാടുകൾ

ഗീതുദാസ്



അറിയില്ലയിനിയേതു വാക്കിനാലോതിടും
അകതാരിലെരിയുന്ന നോവിൻ കണങ്ങളെ
അതിഗൂഢമെവിടെയോ ഗൗളി ചിലയ്ക്കുന്നു
അറവുമാടെന്നൊരു നാമവുമോതിടും
ആയിരം സ്വപ്നങ്ങൾ ആത്മാവിലേറ്റി ഞാൻ
ആ ദിനമന്നതിൽ വീട്ടിലെത്തുന്നതും
ഇനിയും നിനക്കായി  ഉഴുതുമറിക്കുവാൻ
ഇനിയും നിനക്കായി പാലു നൽകീടുവാൻ
ഈ ഏഴ തൻ ഹൃത്തടം വെമ്പുന്നതൊക്കെയും
അറിയുമോ മനുഷ്യാ അവസാനമെങ്കിലും
ഉഴുതു മറിച്ചു ഞാൻ ഇടറി വീണപ്പോഴും
ഉള്ളിടം കത്തുന്ന തല്ലു കൊണ്ടീടുമ്പോൾ
ഊഴിയിലെവിടെയോ കണ്ണീരു വാർന്നെന്റെ
ഊരെന്നു ചൊല്ലുന്ന നിന്റെ വയലതിൽ
ആഞ്ഞു കത്തീടുന്ന സൂര്യന്റെ കീഴിലും
കോരിച്ചൊരിയുന്ന പേമാരി മേട്ടിലും
അന്ത്യമില്ലാതെ പണിയെടുത്തെന്നതും
വിസ്മരിച്ചിന്നു നീ അല്ലയോ മാനുഷാ?
നിന്റെ കുഞ്ഞുങ്ങൾ വിശന്നു കരയുമ്പോൾ
എന്റെ കിടാവു തൻ കണ്ണീരു കാണാതെ
എന്നും നിനക്കായി പാലു നൽകീടുന്ന
നന്ദിനിക്കുട്ടിയെ നീ മറന്നീടുമോ?
ഓടുന്ന വാഹന വീഥിയിലിന്നു ഞാൻ
പായുന്ന ലോറിയിൽ മാടിന്റെ കൂട്ടത്തിൽ
കണ്ണീരു വാർന്നു തളർന്നു കിടക്കുമ്പോൾ
കൂട്ടരും ചൊല്ലുന്നു ഞങ്ങളും നന്ദിനി,
ഞങ്ങളെയിന്നുമുപേക്ഷിക്കും ഏമാന്റെ
വെൺമുഖം പുഞ്ചിരി തൂകും പണത്തിനായി
അല്ലയോ മാനുഷ്യാ ഒന്നു ചൊല്ലട്ടെ ഞാൻ
നിന്റെ വയലതിൽ ഞാനും പണിതപ്പോൾ

എന്റെ പുറത്ത് തലോടി നിന്നീടുന്ന
കർഷകനുണ്ട് നിൻ വീട്ടിന്നകത്തായി
കാലം തളർത്തിയ ജീവന്റെ കോലത്തെ
അച്ഛാ എന്നോതാനറയ്ക്കുന്നു നീ ഇന്ന്
മാടിന്റെ വേദന മാറിലേറ്റീടുന്ന
മാനുഷ്യനാണു നിൻ സൃഷ്ടാവെന്നോർക്കുക
എറെ, വയസ്സായി എന്നൊരു ചിന്തയാൽ
വെട്ടിനുറുക്കാൻ പണത്തിനായി വിറ്റപ്പോൾ
ഏറെ വയസ്സായ അച്ഛനെയിന്നും
ഏതൊരു മാടിന്റെ ശാലയിലാക്കും നീ
ഇന്നുമീ കത്തിക്കുമുന്നിൽ പിടയ്ക്കുന്ന
കണ്ഠത്തിൽ ഗദ്ഗദം നിന്നച്ഛനെയോർത്തതും
ചൊല്ലുന്നു ഞാൻ നിന്റെ ആഹാരമാകുമ്പോൾ
നിന്നെ ശപിക്കില്ല, നാടിനെയോതില്ല
എന്റെ വിധിയെന്ന് ചൊല്ലി ഞാൻ പോകട്ടെ
ഏറ്റവും നല്ലൊരു അടുക്കളതന്നിലായ്

# സ്നേഹത്തിന്റെ ഉറവിടങ്ങളിലേക്ക് ഒരു യാത്ര



റീബ ആന്റണി

ആധുനിക ലോകത്തിന് പലപ്പോഴും കണ്ടെത്താൻ കഴിയാതെ പോകുന്ന, കണ്ടെത്തിയാൽ പോലും തിരിച്ചറിയാൻ കഴിയാത്ത, അഥവാ തിരിച്ചറിഞ്ഞാൽ സ്വന്തമാക്കാൻ സാധിക്കാത്ത എന്തോ ഒന്നാണ് സ്നേഹം.

രണ്ടായിരം വർഷങ്ങൾക്കുമുൻപ് ഗലീലിയുടെ തീരങ്ങളിൽ, ഇടയന്മാരുടെ ആലകളിൽ, പാപികളുടെ സങ്കേതങ്ങളിൽ, ചുങ്കക്കാരുടെ ഭവനങ്ങളിൽ ഒക്കെ മാറ്റൊലികൊണ്ട ഒരു ശബ്ദത്തിൽ, മണ്ണിൽ പതിഞ്ഞ കാല്പ്പാദങ്ങളിൽ എല്ലാം ഈ സ്നേഹത്തിന്റെ ഉറവിടത്തെ അനേകം മനുഷ്യർ കണ്ടെത്തി. അതായിരുന്നു ക്രിസ്തു. എന്നാൽ മഹാന്മാരെന്ന് ലോകം വിധിയെഴുതിയ പലർക്കും ആ സ്നേഹത്തെ ഉൾക്കൊള്ളുവാനോ, തിരിച്ചറിയുവാനോ കഴിഞ്ഞില്ല.

സ്നേഹത്തിന്റെ ശബ്ദം വേറിട്ടതാണ്. ദൈവികമാണ്. ഹൃദയത്തിന്റെ നിറവിൽ നിന്ന്, ആത്മാവിന്റെ ആഴങ്ങളിൽ നിന്ന് ഉത്ഭവിക്കുന്നതാണത്. ആ ശബ്ദത്തെ തിരിച്ചറിഞ്ഞ ദൈവികമനുഷ്യനാണ് ദൈവത്തിന്റെ സ്വന്തമായ വി. ജോൺ ഓഫ് ഗോഡ്. ഗ്രാനെഡായുടെ തെരുവുകളിൽ, ആരുമില്ലാത്തവരുടെ ഇടയിൽ, രോഗികളുടെ വേദനയിൽ ദൈവത്തെ കണ്ടെത്തിയ മനുഷ്യസ്നേഹി! ദൈവസ്നേഹത്തിന്റെ അസാധാരണ ശക്തി മൂലമല്ലേ അദ്ദേഹം തുടക്കം കുറിച്ച പ്രവർത്തനങ്ങൾ വൻകരകൾ കടന്ന്, വെള്ളൂരിലും ‘സെന്റ് ജോൺ ഓഫ് ഗോഡ് സെന്റർ’ എന്ന പേരിൽ ഫലമണിയുന്നത്? അനേകം കുടുംബങ്ങൾക്കും, വ്യക്തികൾക്കും ആലംബമാകുന്നത്?



ദൈവം കൂടുതൽ സ്നേഹത്തോടെ രൂപം കൊടുത്ത്, സംരക്ഷിക്കുമെന്ന് ഉറപ്പുള്ള കരങ്ങളിൽ ഏൽപ്പിച്ചു കൊടുത്ത ഒരു പറ്റം മാലാഖക്കുഞ്ഞുങ്ങളാണ് സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിൽ ഇന്നുള്ളത്. ഒരു പക്ഷേ ഈ സ്കൂളിന്റെ സമ്പാദ്യമെന്നോ, മുതൽക്കൂട്ടെന്നോ, ഒക്കെ ഈ കുഞ്ഞുങ്ങളെ വിശേഷിപ്പിക്കാം. ഇവരുടെ ജീവിതങ്ങളിൽ, ഇവരുടെ ഹൃദയങ്ങളിൽ എല്ലാം അദൃശ്യനായ ദൈവത്തിന്റെ കൈയ്യൊപ്പുണ്ട്. ലോകത്തിനു കാണാൻ സാധിക്കാത്ത അഗാധ സ്നേഹത്തിന്റെ വലിയ ഉറവകളുണ്ട്. അത് കാണുവാനുള്ള ഉൾക്കാഴ്ച ഞങ്ങളുടെ ആന്തരിക നയനങ്ങൾക്ക് നൽകണമേ.

ഇവരുടെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി വളർത്താൻ, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവരെ കൈപിടിച്ച് ആനയിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുന്ന സന്മനസ്സുള്ള ഒരു പറ്റം മനുഷ്യരാണ് ജോൺ ഓഫ് ഗോഡ് സെന്ററിൽ പ്രവർത്തിക്കുന്നത്. കളങ്കമില്ലാത്ത സ്നേഹം തിരിച്ചറിയണമെങ്കിൽ ഈ കുഞ്ഞുങ്ങളുടെ കൂടെ അൽപ്പസമയം ചിലവഴിച്ചാൽ മാത്രം മതി. സ്വാർത്ഥത നിറഞ്ഞ ആധുനിക ലോകത്തിൽ, എല്ലാം എനിക്കു വേണം എന്ന ചിന്താഗതിയെ മാറ്റി മറിക്കുവാൻ ഈ കുഞ്ഞുങ്ങളുടെ കൂടെയുള്ള സഹവാസം വളരെയധികം സഹായിക്കുന്നു. എനിക്കെന്തു നേടാൻ കഴിയും എന്നതിനേക്കാൾ ഉപരിയായി, ഇവർക്കുവേണ്ടി നമുക്കെന്തു ചെയ്യാൻ കഴിയുമെന്ന ബോദ്ധ്യത്തിലേക്ക് നമ്മുടെ ചിന്താഗതിയെ കൂട്ടിക്കൊണ്ടുപോകുവാൻ ഇവിടുത്തെ അന്തരീക്ഷം സഹായകമാണ്. ഒരു കൂട്ടുകുടുംബത്തിന്റെ അനുഭവം, സ്നേഹം, പരിഗണന, കരുതൽ ഇതെല്ലാം ഞങ്ങൾക്ക് ഈ സെന്ററിൽ നിന്ന് ലഭിക്കുന്നു. കൊച്ചു കൊച്ചു കാര്യങ്ങളിലൂടെ വലിയ സത്യങ്ങൾ എന്നെ പഠിപ്പിക്കുന്ന ഈ കുഞ്ഞുങ്ങൾക്ക് നൽകുവാനുള്ളത് ഹൃദയത്തിന്റെ നിറവിൽ നിന്നുയരുന്ന നന്ദി മാത്രം...

# വർണ്ണപ്പകിട്ടോടെ ഒരു സ്വാതന്ത്ര്യദിനം

വീണ്ടും സ്വാതന്ത്ര്യദിന ഓർമ്മ പുതുക്കിക്കൊണ്ട് ഒരു ആഗസ്റ്റ് 15 കൂടി. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയും അതിന്റെ ഭാവിക്കുവേണ്ടിയും നിറമുള്ള സ്വപ്നങ്ങൾ നെയ്ത മഹാന്മാർ നമുക്ക് സമ്മാനിച്ച പൊൻസുദിനം. അടിമത്തത്തിന്റെ ചങ്ങലകളും നൂലാമാലകളും പൊട്ടിച്ചെറിഞ്ഞുകൊണ്ട് ഭാരതാംബ സ്വതന്ത്രയായിട്ട് 64 വർഷം തികയുന്നു.




ഭാരതമാതാവിനെ ഹിംസയുടെ കൽത്തുറുങ്കിൽ നിന്നും അഹിംസയുടെയും മതേതരത്വത്തിന്റെയും പ്രകാശത്തിലേക്കെത്തിച്ച ആ മനോഹരസുദിനം സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ കുരുന്നുകൾ വർണാഭമായി ആഘോഷിച്ചു.

രാവിലെ 8.30 ന് ത്രിവർണപതാക ഉയർത്തിക്കൊണ്ട് തുടങ്ങിയ ആഘോഷങ്ങൾ ഉച്ചയ്ക്ക് 12.00 മണിയോടെ സമാപിച്ചു. പാമ്പാടി സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടയം ബ്രാഞ്ച് മാനേജർ ജോസ് മാനുവൽ പതാക ഉയർത്തി. പഞ്ചായത്ത് മെമ്പർ അനീഷ്, ഡയറക്ടർ ബ്രദർ അഗസ്റ്റിൻ എന്നിവർ ആശംസകൾ അർപ്പിച്ചു. കുട്ടികൾ ആ പതാകക്ക് നൽകിയ സല്യൂട്ടും ഉയർന്ന സ്വരത്തിൽ ആലപിച്ച ദേശഭക്തിഗാനവും അവരുടെ കുഞ്ഞു മനസ്സുകളിലുള്ള തീവ്രമായ സ്വാതന്ത്ര്യാവബോധത്തിന്റെ തെളിവായിരുന്നു.

തുടർന്ന് നടന്ന സ്വാതന്ത്ര്യദിനറാലി കുട്ടികളെയും കാഴ്ചക്കാരെയും ഒരുപോലെ ആവേശത്തേരിലെത്തിച്ചു എന്ന് നിസംശയം പറയാൻ സാധിക്കും. സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ കലാപ്രതിഭകൾ നയിച്ച ബാന്റ് മേളത്തിനൊപ്പം ഭാരത് മാതാ, ഗാന്ധിജി, നെഹ്റു എന്നിവർ നടന്നുനീങ്ങിയപ്പോൾ, 64 വർഷം മുമ്പ് സ്വാതന്ത്ര്യസമര സേനാനികൾ നമ്മോടു പങ്കുവച്ച സ്വപ്നങ്ങളും സ്വാതന്ത്ര്യത്തിനായി അവർ നടത്തിയ പോരാട്ടങ്ങളും ഒരിക്കൽക്കൂടി എല്ലാവരുടേയും സ്മരണയിൽ നിറഞ്ഞു.

64 വർഷങ്ങൾക്കുശേഷം ആ സുന്ദരനിമിഷത്തിൽ മധുരസ്മരണകളാഘോഷിക്കുന്ന പുണ്യദിനത്തിൽ, വർഷങ്ങൾക്ക് മുമ്പ് ആ ധീരസേനാനികൾ പകർന്ന് നൽകിയ ദേശസ്നേഹത്തിന്റെ അഗ്നിജ്വാലകൾ മനസ്സിൽ സൂക്ഷിക്കാനും, ഗാന്ധിജിക്ക് പിന്നിൽ അണിനിരന്ന ഒരു സമൂഹത്തിന്റെ പ്രതീകമായിത്തീരാനും ഈ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് സാധിച്ചു എന്നത് സന്തോഷം നിറഞ്ഞ കാര്യമാണ്. ബുദ്ധിമാന്ദ്യം സംഭവിച്ചവരെന്ന പേരിൽ വൈകല്യങ്ങൾ ഏറെയുള്ളവർ എന്ന പേരിൽ സർക്കാരും സമൂഹവും ഒരേ പോലെ അവഗണിക്കുന്ന ഈ കുട്ടികൾക്കിത് സാധിച്ചുവെങ്കിൽ ബുദ്ധിമാൻമാരും കഴിവുള്ളവരും എന്ന് അഹങ്കരിക്കുന്ന മറ്റുള്ളവർ ഈ സ്വാതന്ത്ര്യദിനം എങ്ങനെ ആഘോഷിച്ചു എന്ന ഒരു ചോദ്യം ഈ സമൂഹത്തിനു നേരെ ഉന്നയിക്കുവാൻ സാധിച്ചുവെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

അധാർമ്മികതയിൽ നിന്ന് ധാർമ്മികതയുടെ പുതിയ സന്ദേശവുമായി, അശാന്തിക്കുമേൽ ശാന്തിക്കായുള്ള പുതിയൊരു പ്രാർത്ഥനാമന്ത്രവുമായി സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂൾ കാത്തിരിക്കുന്നു. അടുത്ത സ്വാതന്ത്ര്യദിനത്തെ വരവേൽക്കാൻ ഈ പ്രകൃതി കാത്തിരിക്കുന്നതുപോലെ...

ജയ്ഹിന്ദ്

# FRIENDS OF JOHN OF GOD

## AN ALLIANCE OF SUPPORTERS OF THE DIFFERENTLY ABLED

Welcome to 'FRIENDS OF JOHN OF GOD', an alliance of supporters of the differently abled (mentally retarded), meant to provide support to the differently abled of ST. JOHN OF GOD SPECIAL SCHOOL.

It is an effort of the Society for the Empowerment of the Learning Disabled (SELD), a non-governmental charitable organisation which manages the St. John of God Special School.













### YOU CAN BECOME A FRIEND OF JOHN OF GOD BY:

- Remembering us in your daily prayers
- Sponsoring an orphan child
- Sponsoring meals
- Paying the medical expenses of the children
- Introducing us to others
- Spending part of your time with the students

**Donate a portion of the riches God has given you to support the differently abled.**

You can do this:
- by transferring every month a fixed, small amount (50, 100, 500, 1000, etc.) to the account of 'SELD'
or
- by transferring every year a fixed amount (1000, 2000, 5000, etc.) to the account of 'SELD'.

To send Cheques & DDs:
from INDIA:
SELD Acc. No. at
SBT: 67068024028
IFSC Code: SBTR 0000233

Donations may kindly be drawn in the name of 'SELD'

**Donations to SELD are exempted from I.T. u/s. 80G of the I.T. Act.**

# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്





**"വിശന്നവനായ് വിയർത്തവനായ്**
**നഗ്നനായി നിങ്ങളെന്നെ കാണും**
**മൺകുടിലിൽ പൂർണ്ണവിവശനായ്**
**വീണ്ടും നിങ്ങളെന്നെ കാണും**
**വേദനയാൽ തളർന്നവനായ്**
**ദാഹംപേറി കുഴഞ്ഞവനായ്**
**നിരാശനായി തടവറതന്നിൽ**
**വീം നിങ്ങളെന്നെ കാണും**
**എൻ സ്വരം കേട്ട് വന്നിടണം"**

ഈ സ്വരം കേട്ട്...
രോഗികളുടെയും വേദനിക്കുന്നവരുടെയും
ആവശ്യത്തിലിരിക്കുന്നവരുടെയും കവിളുകളിൽ തങ്ങിനിന്ന
കണ്ണീരൊപ്പി, ആദരാത്മകശുശ്രൂഷയിലൂടെ
ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നെയ്ത്തിരിയായിത്തീർന്ന
സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ...

ഹൈറേഞ്ചിലെ പാവങ്ങൾക്കും
രോഗികൾക്കും അശരണർക്കും അത്താണിയായി...
പ്രത്യാശയുടെ വെളിച്ചമായി...
സാന്ത്വനത്തിന്റെ കരമായി...
'പാവങ്ങളുടെ വല്യച്ച'നായിത്തീർന്ന ബ്ര. ഫോർത്തുനാത്തൂസിനെപ്പോലെ
സമർപ്പണജീവിതം വഴിയായി, ചെറിയവരിലൂടെ നമ്മെ സമീപിക്കുന്ന
ഈശോയെ ശുശ്രൂഷിക്കുവാൻ,

ഉപവിയുടെ ഉപകരണങ്ങളാകുവാൻ, വിശുദ്ധിയുടെ സൗരഭ്യം പകരാൻ...
നിങ്ങളും വരുന്നോ?

**കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും**
**സ്വാഗതം**

Vocation Promoter
St. John of God Centre
Velloor P.O., Pampady,
Kottayam, Kerala
Tel : 9495506576, 9961012247

Vocation Promoter
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744



Printed and published by St. John of God Special School, Annadivayal, Velloor P.O., Pampady, Kottayam - 686501
Tel. +91 481 2373236, 2373235, seldjohnofgodschool@yahoo.com, www.stjohnofgodcentre.org
Private Circulation Only